"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരായ ഡോ. ജെസ്സി ജെയിംസ്, ഡോ. ദീപ പി. എന്നിവർക്ക് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2024/AYUSH തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-
1. 07.07.2017 ലെ സ.ഉ(എം.എസ്) നം.18/2017/ആയുഷ്
2. 16.10.20217 ലെ സ.ഉ (സാ.ധ) നം 472/2017/ആയുഷ്
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01.02.2024 ലെ ഇ1/183/2021/ഡി എ എം ഇ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ച 23 മെഡിക്കൽ ഓഫീസർ തസ്തികകളിൽ പരാമർശം (2) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിലെ പിജി യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാർക്ക് മുൻഗണന നൽകി നിയമനം നൽകി വരുന്നുണ്ട്. ആയതുപ്രകാരം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ആയുർവേദ മെഡിക്കൽ ഓഫീസർ (RMO ആയുർവേദ) തസ്തികയിൽ നിലവിലെ 2(രണ്ട്) ഒഴിവുകളിലേക്ക് നിയമനത്തിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 4 അപേക്ഷകളിൽ നിന്നും, തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ പഞ്ചകർമ്മ വിഭാഗത്തിൽ പി.ജി.യുള്ളവരുടെ അഭാവമുള്ളതിനാൽ ഡോ. ജെസ്സി ജെയിംസിനേയും അപേക്ഷകരിൽ സീനിയറായ ഡോ. ദീപ പി.-യേയും പരിഗണിക്കാവുന്നതാണെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരായ ഡോ. ജെസ്സി ജെയിംസ്, ഡോ. ദീപ പി. എന്നിവർക്ക് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നിലവിൽ ഒഴിവുള്ള ആയുർവേദ മെഡിക്കൽ ഓഫീസർ (RMO ആയുർവേദ) തസ്തികയിൽ നിലവിലുള്ള നിയമന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ. ജെസ്സി ജെയിംസ് / ഡോ. ദീപ പി. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 16-02-2024 11:29:38
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. ആയുഷ് വകുപ്പ് മന്ത്രിയുടെ പി എസിന്